# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.10 -ന്മേലുള്ള ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനായി പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 2227/14/തസ്വഭവ.　　　　തിരുവനന്തപുരം, തീയതി: 26/08/2014

പരാമർശം:- 1) കീഴരിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/12/2013-ലെ എ.ഒ.624/13 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 10/10/2013-ലെ എം3-31890/13 നമ്പർ കത്ത്.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/06/2014-ലെ എൽ.എഫ്. 4046/പിറ്റി3/14 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.10 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും സ്കൂൾ തല കലാകായിക മേളക്ക് 10,000/- രൂപ (പതിനായിരം രൂപ മാത്രം) ചെലവു ചെയ്ത പഞ്ചായത്ത് നടപടി തടസ്സപ്പെടുത്തിയിരുന്നു. പരിമിതമായ തനത് വരുമാനം മാത്രമുള്ള പഞ്ചായത്ത് എന്ന നിലയിലും വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതി എന്ന നിലയിലും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതിയായതിനാലും പദ്ധതി നടത്തിപ്പിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി സ്കൂൾതല കലാ കായികമേളക്ക് വികസന ഫണ്ടിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ മാത്രം)ചെലവഴിച്ച പഞ്ചായത്ത് നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ആവശ്യപ്പെടുവാൻ 10/05/2013-ൽ കൂടിയ പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും ആയത് പരാമർശം ഒന്ന് കത്ത് പ്രകാരം സർക്കാരിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവർ യഥാക്രമം പരാമർശം രണ്ട്, മൂന്ന് കത്തുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ മേൽ ചെലവ് സാധൂകരിക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൈമറി വിദ്യാഭ്യാസം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വിഷയമായതിനാൽ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ഏറ്റെടുത്ത പദ്ധതി, "മേളകൾ" എന്ന

ഗണത്തിൽപ്പെടുത്തി തടസ്സപ്പെടുത്തുന്നത് അപ്രായോഗികമാണ്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം മേളകൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് വികസന ഫണ്ട് ചെലവഴിക്കരുത് എന്ന നിർദ്ദേശം പ്രത്യുൽപ്പാദനപരമല്ലാത്ത ആഘോഷങ്ങൾക്ക് തുക ചെലവഴിക്കുന്നത് തടയാനുള്ളതാണ്.

ഈ സാഹചര്യത്തിൽ, പഞ്ചായത്ത് ഭരണസമിതിയുടെ 10/05/2013-ലെ സാധാരണ മീറ്റിംഗിലെ 7(2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.10 പ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കൂൾ തല കലാകായിക മേളക്ക് വികസന ഫണ്ടിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ മാത്രം) ചെലവഴിച്ച പഞ്ചായത്ത് നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി, എം,സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കീഴരിയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ